# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### ജനന രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4204. 20.03.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജനന രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുന്നതിന് ഇപ്പോഴത്തെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ 15-)ം വകുപ്പിലേയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-)ം ചട്ടത്തിലേയും വ്യവസ്ഥകൾ പാലിച്ച് തിരുത്തൽ വരുത്താവുന്നതാണ്. ടി ആക്റ്റ് പ്രകാരം രജിസ്ട്രാർ സൂക്ഷിച്ചിട്ടുള്ള ജനന മരണ രജിസ്റ്ററിൽ രജിസ്ട്രാർക്ക് ശരിയെന്ന് ഉത്തമ വിശ്വാസമുള്ള തിരുത്തലും റദ്ദാക്കലും നടത്താവുന്നതാണ്. രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ, തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ (Credible Persons) സത്യപ്രസ്താവന ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവയ്ക്കു പുറമേ രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷനും ഹാജരാക്കേണ്ടതാണ്. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ബോധ്യപ്പെട്ട് രജിസ്ട്രാർ തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്. |
| (ബി) | മാതാപിതാക്കളുടെ പേരിലും വിലാസത്തിലും വന്ന പിശകുകൾ തിരുത്തുവാൻ നോട്ടറി, ഗസറ്റഡ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ എന്നിവരുടെ സാക്ഷ്യപത്രം വേണ- | (ബി) | 30/05/2013-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 50817/ആർ.ഡി3/12/തസ്വഭവ പ്രകാരം ജനന രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം |

| | | | |
|---|---|---|---|
| | മെന്ന നിബന്ധന ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | | ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിലുണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തുന്നതിന് നോട്ടറി, രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥർ, വില്ലേജ് ആഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ തിരു-ത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ വകുപ്പ് 15 പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ മതിയാകുമെന്ന നിയമം വേണ്ടെന്ന് വെച്ചത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ വകുപ്പ് 15 പ്രകാരം രണ്ട് വിശ്വസ്തനീയ വ്യക്തികളുടെ ഡിക്ലറേഷൻ മതിയാകുമെന്ന വ്യവസ്ഥയില്ല. രജിസ്റ്ററിലെ ഏതെങ്കിലും ഉൾക്കുറിപ്പ് രൂപത്തിലോ സാരാംശത്തിലോ തെറ്റാണെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്ന സംഗതികളിൽ തിരുത്തേണ്ട വിവരം സംബന്ധിച്ച് അറിവുള്ള രണ്ട് വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ ഹാജരാക്കിയാൽ തിരുത്തൽ അനുവദിക്കുന്നതിനാണ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥ. രജിസ്ട്രാർക്ക് തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യപ്പെടുന്നതിന് ആവശ്യമായ രേഖകളും ഹാജരാക്കേണ്ടതുണ്ട്. |
| (ഡി) | കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിക്കാൻ ഇപ്പോൾ അനുവദി-ക്കാറില്ലെന്നതും ഇനീഷ്യൽ വികസി-പ്പിക്കുക എന്നത് പേരിലുള്ള മാറ്റമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | നിലവിൽ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തൽ അനുവദിക്കുന്നുണ്ട്. |
| (ഇ) | എങ്കിൽ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ഇനീഷ്യൽ വികസിപ്പിക്കാൻ അനു-വദിച്ച നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ